**THE VILLAGE INTERNATIONAL SCHOOL,THODUPUZHA**
**ANNUAL EXAMINATION 2023-2024**
**MALAYALAM**

**CLASS-IX REVISION WORKSHEET TIME:3Hours**
**21-02-2024 Max.Marks:80**

## General Instructions:

***The question paper divided into two sections:***
***Section A:Reading Comprehension(V.S.A.Q)***
***Vocabulary Building&prose&Poetry(M.C.Q) :40 marks***
***Section B:Grammar,Composition***
***Literature( Prose,Poetry&Supplementary) :40 marks***

| | | |
|---|---|---|
| **I** | താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ***8*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക<br>അന്യം നിന്നുപോകുന്ന സാംസ്കാരികത്തനിമയുടെയും ഉപേക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മാതൃഭാഷയുടെയും വീണ്ടെടുപ്പിനായുള്ള ഉദ്യമങ്ങൾ കേരളത്തിൽ എന്നപോലെ ഇതര സംസ്ഥാനങ്ങളിലും ഇന്ന് ഏറെക്കുറെ സജീവമാണ്.വിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും മാതൃഭാഷയ്ക്ക് പ്രഥമസ്ഥാനം വേണമെന്ന വാദം സങ്കുചിതമായ ഭാഷാഭ്രാന്തിന്റെ പ്രകടനമല്ല. അതതുഭാഷാ സമൂഹങ്ങളുടെ വ്യക്തിത്വ സംരക്ഷണത്തിനും അതിജീവനത്തിനുമുള്ള മാർഗമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.ഒരു ജനതയുടെ സ്വപ്നങ്ങളും മൂല്യബോധവും ജീവിത സമീപനവും ലോകവീക്ഷണവും ഭാഷയിലൂടെയും ഇതര കലാവിഷ്കരണങ്ങളിലൂടെയുമാവാം പ്രതിഫലിക്കുക.ഭാഷയും സംസ്കാരവും പരസ്പര പൂരകങ്ങളാണ്.ലിപിയില്ലാത്ത ഭാഷകളിലെപ്പോലും മിത്തുകളും ഐതിഹ്യങ്ങളും അനുഷ്ഠാന ഗാനങ്ങളും പഴഞ്ചൊല്ലുകളുമെല്ലാം ഭാഷാ സമൂഹത്തിന്റെ വികാരവിചാരങ്ങളെയാണ് ആവിഷ്കരിക്കുന്നത്. ഭാഷയിലൂടെ തലമുറകൾ കൈമാറിയെത്തുന്ന സാംസ്കാരികവബോധമാണ് ഏത് സമൂഹത്തിന്റെയും ആത്മബലം.സ്വന്തം ഭാഷ നഷ്ടപ്പെടുന്നതോടെ ഈ ആത്മബലവും ഇച്ഛാശക്തിയുമാണ് നഷ്ടമാകുന്നത്.മാതൃഭാഷാഭിമാനം സ്വത്വബോധം തന്നെയാണ്.മാതൃഭാഷ നഷ്ടപ്പെടുന്ന സമൂഹം സ്വത്വ ശൂന്യമായി തീരുന്നു.ഗോത്രവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള | 1*8=8 |

| | | |
|---|---|---|
| | ന്യൂനപക്ഷ സമൂഹങ്ങൾ ഇന്ന് നേരിടുന്നസാംസ്കാരിക പ്രതിസന്ധിയും ഇതാണ്. സുദീർഘമായ സാഹിത്യ പാരമ്പര്യവും ചരിത്രവും ഉള്ള അംഗീകൃത ഭാഷകൾ തന്നെ സംരക്ഷണം തേടുന്ന ഇന്നത്തെ അവസ്ഥയിൽ ലിഖിതസാഹിത്യത്തിൻറെ പിൻബലമോ ലിപിപോലുമോ ഇല്ലാത്ത ചെറുഭാഷകൾ നേരിടുന്ന വെല്ലുവിളി ഊഹിക്കാവുന്നതേയുള്ളൂ. ജനസംഖ്യയുടെ ഏഴര ശതമാനത്തോളം വരുന്ന ഇന്ത്യയിലെ ആദിവാസികൾക്ക് അവരുടെ മാതൃഭാഷ തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാതൃഭാഷയും സംസ്കാരവും വീണ്ടെടുത്തുകൊണ്ടേ ആത്മാഭിമാനം ഉയർത്തിപ്പിടിക്കാനാവൂ എന്ന തിരിച്ചറിവ് ഗോത്ര സമൂഹങ്ങൾക്കിടയിൽ സാവധാനം എങ്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു..<br><br>1.ചെറുഭാഷകൾ നേരിടുന്ന വെല്ലുവിളികൾ ഊഹിക്കാവുന്നതേയുള്ളൂ എന്ന് പറയുന്നതെന്തുകൊണ്ട്?<br>2.പരസ്പരപൂരകങ്ങളായിട്ടുള്ളത് എന്ത്?<br>3.ഏത് വാദമാണ് സങ്കുചിതമായ ഭാഷാഭ്രാന്തിന്റെ പ്രകടനമല്ലാത്തത്?<br>4.ഒരുഭാഷ സമൂഹത്തിന്റെ വികാരവിചാരങ്ങളെ ആവിഷ്കരിക്കുന്നതെന്ത്?<br>5.ന്യൂനപക്ഷ സമൂഹങ്ങൾ ഇന്ന് നേരിടുന്ന സാംസ്കാരിക പ്രതിസന്ധി എന്താണ്?<br>6.ഗോത്രസമൂഹങ്ങൾക്കിടയിൽ സാവധാനമെങ്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തിരിച്ചറിവ് എന്ത്?<br>7.ഏത് സമൂഹത്തിന്റെയും ആത്മബലം എന്താണ്?<br>8.'കിനാവ്' എന്നർത്ഥം വരുന്ന പദം ഖണ്ഡികയിൽ നിന്നും കണ്ടെത്തി എഴുതുക | |
| **II** | താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ***7*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക<br>മനുഷ്യരുടെ ഇല്ലായ്മകളും വല്ലായ്മകളും മുഖ്യകഥാവിഷയമാക്കിയ ചെറുകഥാകൃത്താണ് കാരൂർ നീലകണ്ഠപിള്ള.നിഷ്പക്ഷവും സൂക്ഷ്മവുമായ ആവിഷ്കാരത്തിലൂടെയും തനതായ കഥനസമ്പ്രദായത്തിയുടെയും അദ്ദേഹം കലാപരമായി മികച്ച ചെറുകഥകളുടെ രാജശില്പിയായി വളർന്നു.മനസ്സും മനസ്സിന്റെ | 1*7=7 |

തീവ്രപരീക്ഷണങ്ങളും ചിത്രീകരിക്കുന്നതിനും അതിലൂടെ ജീവിതത്തിൻറെ ആഴങ്ങളിലേക്ക് സഹൃദയനെ നയിക്കുന്നതിനും കാരൂരിന് പ്രത്യേക വൈദഗ്ദ്ധ്യമുണ്ട്.കാരൂരിന്റെ പ്രസിദ്ധപ്പെടുത്തിയ ആദ്യ കഥ ഭൃത്യവാത്സല്യമാണ്.പൂവമ്പഴം മരപ്പാവകൾ മോതിരം എന്നിവ കാരൂരിന്റെ ഏറ്റവും നല്ല കഥകളാണ്. മനുഷ്യമനസ്സുകളിലെ മൃദുല വികാരങ്ങളും ഭാവങ്ങളും ചിത്രീകരിക്കുമ്പോഴാണ് കാരൂരിലെ യഥാർത്ഥ കലാകാരൻ പ്രത്യക്ഷപ്പെടുന്നത്.തീവ്ര ദുരന്തങ്ങൾക്കിടയിലും കൊച്ചു കൊച്ചു സുഖങ്ങൾ തേടിയുള്ള മനുഷ്യമനസ്സുകളുടെ സഞ്ചാരങ്ങൾ കാരൂരിന് പ്രിയങ്കരമായ പ്രമേയമാണ്.അധ്യാപകരുടെ ജീവിതത്തിൻറെ ദുരിതങ്ങളെയും ദയനീയതകളെയും ഒട്ടേറെ ചെറുകഥകളിൽ ചിത്രീകരിച്ചിട്ടുണ്ട്. പൊതിച്ചോറ്, ഊണിന്റെകണക്കിൽ,പെൻഷൻ,അത്ഭുതമനുഷ്യൻ, ഉത്തരക്കടലാസ് തുടങ്ങിയവ അദ്ദേഹത്തിൻറെ പേര്കേട്ട വാദ്യാർ കഥകളാണ്.ധാർമ്മികലക്ഷ്യവും സാമൂഹിക ബോധവുമുള്ള എഴുത്തുകാരനാണ് കാരൂർ.വ്യക്തികൾ നന്നാകണമെന്നും എങ്കിലേ സമൂഹം രക്ഷപ്പെടുകയുള്ളൂ എന്നുമുള്ള വിശ്വാസക്കാരനായിരുന്നു അദ്ദേഹം. ധ്വന്യാത്മകമായ മാനം സൃഷ്ടിക്കാൻ കാരൂർ ഉപയോഗപ്പെടുത്തിയിട്ടുള്ളത് പലപ്പോഴും സംഭാഷണത്തെയാണ്.കാരൂരിന്റെ കഥകൾ അദ്ദേഹത്തിൻറെ മാത്രമാണ്.മനുഷ്യസ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഉദാരതകളിലാണ് അദ്ദേഹം എപ്പോഴും ഊന്നുന്നത്.മനുഷ്യനന്മയിലുള്ള അഗാധമായ വിശ്വാസം കാരൂർ കഥകൾക്ക് ശക്തിയും സാന്ദ്രതയും നൽകുന്നു.

1.കാരൂരിന്റെ പ്രസിദ്ധപ്പെടുത്തിയ ആദ്യ കഥ ഏത് ?

2.മികച്ച ചെറുകഥകളുടെ രാജശില്പിയായി കാരൂർ വളർന്നതെങ്ങനെ ?

3.കാരൂർ എപ്പോഴും ഊന്നൽ നൽകുന്നത് എന്തിനാണ് ?

4.പെൻഷൻ,ഊണിന്റെ കണക്കിൽ തുടങ്ങിയ ചെറുകഥകളിൽ ചിത്രീകരിച്ചിരിക്കുന്നത് എന്ത് ?

5.കാരൂർ കഥകൾക്ക് ശക്തിയും സാന്ദ്രതയും നൽകുന്ന ഘടകമെന്ത് ?

6.കാരൂരിലെ യഥാർത്ഥ കഥാകാരൻ പ്രത്യക്ഷപ്പെടുന്നത് എപ്പോൾ ?

| | | |
|---|---|---|
| | 7.ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം ചേർക്കുക? | |
| III | ഏതെങ്കിലും **7** എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക | 1*7=7 |
| | മായം എന്ന പദത്തിന്റെ അർത്ഥം ആയി വരുന്നത് താഴെ തന്നിരിക്കുന്നതിൽ ഏതാണ്<br>a. കളവ് b. ഭംഗി<br>c. കാന്തി d. അമൃത് | |
| | മന്ദിരം എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്നത് ഏതാണ്<br>a. നക്ഷത്രം b. വീട്<br>c. പ്രവർത്തി d. ഭൂമി | |
| | തേൻ എന്ന പദത്തിന്റെ പര്യായമായി വരുന്നത് ഏതാണ്<br>a. മലർ b. ചിത്തം<br>c. മധു d.സുധ | |
| | ഭൃതം എന്ന പദത്തിന്റെ നാനാർത്ഥം ഏത്<br>i ആഗ്രഹം ii ഗുരു iii കഴിഞ്ഞത് iv കരി | |
| | യതി-സമാനമായ അർത്ഥം ഏത്<br>(സാധു,പ്രഭു,സന്യാസി,ദരിദ്രൻ) | |
| | ശരിയായ പദം ഏത്<br>(ആർഭാടം,ആർഫാടം,ആർഭാഡം,ആർബാടം) | |
| | തട്ടകം എന്ന പദത്തിന്റെ അർത്ഥം എന്ത്<br>i ശിരസ്സ് ii സുന്ദരി iii പശു iv മേഖല | |
| | .ആകാരം എന്ന് അർത്ഥം വരുന്ന പദം ഏത്<br>(ആഹാരം,രൂപം,ആഹരിക്കുക,നിറം) | |
| IV | ഏതെങ്കിലും**9** എണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | 2*9=18 |
| | " പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ്<br>i) എന്തുകൊണ്ടാണ് ഇങ്ങനെ തോന്നിയത്<br>ii)ആരാണ് ഇങ്ങനെ വിചാരിച്ചത് | |
| | " അങ്ങ് ഒരു മഹാത്മാവ് ഞാൻ ഒരു പാവപ്പെട്ട ഭക്തൻ,ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുകയില്ല" | |

| | | |
|---|---|---|
| | i) ഇവിടെ മഹാത്മാവ് എന്ന് സംബോധന ചെയ്തിരിക്കുന്നത് ആരെയാണ്<br><br>ii)ഈ പാഠഭാഗത്തിന്റെ കർത്താവ് ആരാണ് | |
| | " കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു<br>പുണ്യവാനെന്നതു നിർണയം ഞാൻ"<br><br>i) ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്<br><br>ii)ആരെ കാണാൻ പോകുന്നതാണ് പുണ്യം എന്ന് ചിന്തിക്കുന്നത് | |
| | "മത്സ്യങ്ങളെയും മുതലകളെയും തോണികളെയുമേന്തിയും മേഘങ്ങളെയും പക്ഷികളെയും സൂര്യനെയും നക്ഷത്രങ്ങളെയും നിഴലിപ്പിച്ചും വിശാലമായി ഒഴുകിവന്ന മഹാനദി"<br><br>i)ഏതു നദിയെ കുറിച്ചാണ് ഇപ്രകാരം പറയുന്നത്<br><br>ii)ഈ പാഠഭാഗത്തിന്റെ കർത്താവ് ആര് | |
| | "ഭഗവാനെ തന്നരുൾകെനിക്കു വീണ്ടും സഫലജന്മം"<br><br>i)ആരാണ് ഇങ്ങനെ പ്രാർത്ഥിക്കുന്നത്<br><br>ii)ആരോടാണ് ഇങ്ങനെ പ്രാർത്ഥിക്കുന്നത് | |
| | മറ്റൊരു വണ്ടിക്കാള മനുഷാകാരം പൂണ്ടി -<br>ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കൂടി<br><br>i)ഇവിടെ വണ്ടിക്കാള എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്<br><br>ii)ഈ വരികൾ ഉൾപ്പെടുന്ന പാഠഭാഗം ഏത് | |
| | i)ആ രണ്ടക്ഷരത്തിൽ മാനവികതയുടെ<br>ആത്മാവ് നിറഞ്ഞുനിൽക്കുന്നു-രണ്ടക്ഷരം ഏത്<br>ii)മരണമെന്ന വാതിലിനപ്പുറം ആരുടെ കൃതിയാണ് | |
| | i)i. ചാഞ്ഞിട്ടും കരിക്കൊടി വള്ളിയിലൂഞ്ഞാലാടി<br>ഊഞ്ഞാലാടുന്നതാര്?<br>ii. ഏത് കവിതയിൽ നിന്നെടുത്തിട്ടുള്ള വരികളാണിവ | |
| | .i."ഇത്രയും ഹൃദയഹാരിയായ കാഴ്ച്ച ഗഗന<br>സഞ്ചാരികളായ മാലാഖമാർ മാത്രമേ<br>കണ്ടിട്ടുണ്ടാവുകയുള്ളൂ"-ഇങ്ങനെ എഴുതിയതാര്?<br>ii. മോസി ഓ ആ ടുന്യ-ഈ പദം അർത്ഥമാക്കുന്നത് എന്ത്? | |

| | | |
|---|---|---|
| V | പ്രയോഗം മാറ്റുക<br>i) ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചു<br>ii) കട്ടിയുള്ള ഒരു കടലാസ് അവൾ പുറത്തേക്കിട്ടു | 2*1=2 |
| | അംഗ അംഗി വാക്യങ്ങൾ എഴുതുക<br><br>i)അമ്മയുടെ കൈപിടിച്ച് നടക്കുന്ന റാണിക്ക് ഏഴെട്ട് വയസ്സ് പ്രായം ഉണ്ടായിരുന്നു<br>ii)ഷോറൂമിന് അടുത്തെത്തിയപ്പോൾ അത്ഭുതം കൊണ്ട് ഞാൻ നടുങ്ങിപ്പോയി | 2*1=2 |
| | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക<br><br>i)വീണ്ടും ഒറ്റയ്ക്ക് രാത്രി ഏകനായി അയാൾ കഴിഞ്ഞുകൂടി<br>ii)സദാ പ്രസന്നവദനനായി പുഞ്ചിരിച്ച് നിൽക്കാറുള്ള എൻറെ ഭാവമാറ്റം കണ്ട് അദ്ദേഹം സംശയത്തോടെ വീണ്ടും ആവർത്തിച്ച് ചോദിച്ചു | 2*1=2 |
| | ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ ഉപയോഗിക്കുക<br>i) വിശാലമനസ്കർ ii) കണ്ഠശുദ്ധി വരുത്തുക iii) ഊണിലും ഉറക്കത്തിലും | 2*1=2 |
| | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരത്തിൽ കവിയാതെ ഉപന്യസിക്കുക<br>i)യുവതലമുറയും ലഹരിപദാർത്ഥങ്ങളും<br>ii)വിദ്യാർത്ഥികളും ഗ്രന്ഥശാലകളും | 1*5=5 |
| | നിങ്ങളുടെ പ്രദേശത്ത് നിയന്ത്രണാതീതമായി കൊണ്ടിരിക്കുന്ന പകർച്ചവ്യാധിയെ കുറിച്ച് നിങ്ങളുടെ ആശങ്ക അറിയിച്ചുകൊണ്ട് ആരോഗ്യവകുപ്പ് അധികൃതർക്ക് കത്തെഴുതുക | 1*5=5 |
| | നിങ്ങളുടെ വീടിൻറെ അടുത്ത് നടന്ന ലോറിയപകടവുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക | 1*4=4 |
| | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>i)വർത്തമാനകാല സമൂഹവും ആർഭാടകരമായ ജീവിതത്തിന് പ്രാധാന്യം നൽകുന്നു ലളിത ജീവിതത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് വിശദീകരിക്കുക<br>ii) "സമൃദ്ധി മുറ്റീട്ടും തോറും കുനിയുമെന്നറിവുറ്റാരനദ്ധ്യായം പഠിപ്പിച്ചത്തതിനെച്ചൂണ്ടി". 'സമൃദ്ധിമുറ്റീട്ടും തോറും കുനിയുക'എന്ന പ്രയോഗത്തിന്റെ അർത്ഥതലം എന്ത്<br>iii)വിക്ടോറിയ വെള്ളച്ചാട്ടത്തെ കുറിച്ച് കുറിപ്പ് എഴുതുക | 2*3=6 |

| | | |
|---|---|---|
| VI | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>i)മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-<br>ട്ടറ്റത്തു വണ്ടിക്കൈയ്യിലിരിപ്പൂ കുനിക്കൂടി.<br>ആശയം വ്യക്തമാക്കുക<br>ii)മിന്നാമിനുങ്ങിന്റെ പ്രവർത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശം എന്താണ്<br>iii)കാഴ്ചയുടെയും കേൾവിയുടെയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിൽ എത്തിയ അക്രൂരന് ഉണ്ടാകുന്നത് കുറിപ്പ് തയ്യാറാക്കുക | 2*3=6 |
| | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>1.സിറാപീസ് എന്ന കപ്പൽ കാണാൻ നരേന്ദ്രന് അവസരം ലഭിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക<br>2.കുട്ടിക്കാലത്ത് നരേന്ദ്രനിലുണ്ടായിരുന്ന സ്വഭാവഗുണങ്ങൾ എന്തൊക്കെയായിരുന്നു<br>3.നരേന്ദ്രന് അസാമാന്യ ബുദ്ധിവൈഭവം ഉണ്ടായിരുന്നു എന്നത് ഉദാഹരണസഹിതം വ്യക്തമാക്കുക | 2*3=6 |